# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 99 — 11.06.2012-ൽ മറുപടിയ്ക്ക്

## മത്സ്യബന്ധനത്തിനിടെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനത്തിനിടെ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ഇപ്പോൾ നൽകുന്ന ധനസഹായം എത്ര രൂപയാണെന്ന് വെളിപ്പെടുത്താമോ; | (എ) | മത്സ്യബന്ധനത്തിനിടെ അപകടം മൂലം മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മത്സ്യബോർഡ് മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 07.11.2011 മുതൽ 3 ലക്ഷം രൂപയും രണ്ടുകുട്ടികളുടെ വിദ്യാഭ്യാസത്തിനായി പരമാവധി 10,000/- രൂപയും ശവസംസ്കാരത്തിനായി 2000/- രൂപയും നൽകുന്നു. മത്സ്യബന്ധനത്തിനിടെ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ബോർഡ് നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 20,000/- രൂപ ധനസഹായം നൽകുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികൾ ക്ഷേമ നിധിയിൽ ചേർന്നില്ലെങ്കിൽ പ്രസ്തുത ആനുകൂല്യം ലഭിക്കില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | മത്സ്യബന്ധനത്തിനിടെ മരണപ്പെടുന്ന എല്ലാ മത്സ്യത്തൊഴിലാളികളുടെയും ആശ്രിതർക്ക് പ്രസ്തുത ആനുകൂല്യം നൽകാൻ നടപടി സ്വീകരിക്കുമോ? | (സി) | 1980 ലെ കേരളമത്സ്യത്തൊഴിലാളി സൊസൈറ്റീസ് ആക്ട് പ്രകാരം പ്രസിദ്ധീകരിച്ച മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കാണ് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്. |

സെക്ഷൻ ഓഫീസർ